# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2014 06.02.2019 ൽ മറുപടിക്ക്

## നവമാധ്യമങ്ങളിലെ അധിക്ഷേപം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. രാജഗോപാലൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) ശബരിമല യുവതി പ്രവേശ വിഷയത്തിന്റെ ഭാഗമായി സംഘപരിവാർ സംഘടനകളിൽപെട്ടവർ നവമാധ്യമങ്ങളിലും മറ്റും കേരള മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരെ ജാതി പരാമർശിച്ചും അസഭ്യം പറഞ്ഞും അധിക്ഷേപം നടത്തുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) 22 കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള ജാതി പരാമർശത്തിനെതിരെ മാതൃകാപരമായ ശിക്ഷ ലഭിക്കാൻ പര്യാപ്തമായ രീതിയിൽ കേസ്സ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി) ഇത്തരം കേസുകളിലെ ജാതി പരാമർശം നടത്തിയ കുറ്റക്കാർക്കെതിരെ പരമാവധി ശിക്ഷ ലഭിക്കും വിധം ഇന്ത്യൻ ശിക്ഷാ നിയമത്തിലേയും, ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 ത്തിലേയും പ്രസക്ത വകുപ്പുകൾ പ്രകാരം അന്വേഷണം നടത്തി കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്ന നടപടികളാണ് പോലീസ് സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ